(ബി) കരാർ പുതുക്കുന്നത് സംബന്ധിച്ച് ബി.എസ്.ഇ.എസ്.കേരളാ പവർ 3-10-2015-ന് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ 27-10-2015-ൽ കമ്മീഷൻ വാദം കേട്ട ശേഷം 28-10-2015-ൽ ഡെയ്‌ലി ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത കരാർ 30-11-2015 വരെ നീട്ടാൻ കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്. വൈദ്യുതി വാങ്ങൽ കരാർ പുതുക്കുന്നതും ഇതുപ്രകാരമുള്ള താരിഫും മറ്റു നിബന്ധനകളും കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അന്തിമ അനുമതിക്ക് വിധേയമായി മാത്രമായിരിക്കും.

കെ.എസ്.ഇ.ബി.-ക്ക് പുതിയ സെക്ഷൻ ഓഫീസുകൾ

26 (393) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിന് കൂടുതൽ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) കോതമംഗലം നിയോജകമണ്ഡലത്തിലെ നെല്ലിക്കുഴി സെക്ഷൻ ഓഫീസ് എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) സെക്ഷൻ ഓഫീസുകളിലേക്ക് കൂടുതൽ മസ്ദൂർ, ലൈൻമാൻ തസ്തികകൾ അനുവദിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള സെക്ഷൻ ഓഫീസിലെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി, (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചു വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ വരുന്ന സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

(ബി) കോതമംഗലം നമ്പർ 1 ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് നെല്ലിക്കുഴി പഞ്ചായത്തിലെ എരുമലപ്പടിയിൽ പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. നെല്ലിക്കുഴി പഞ്ചായത്തിൽ സെക്ഷൻ ഓഫീസിനുള്ള കെട്ടിടം സ്ഥാപിക്കുന്നതിനായി അനുയോജ്യമായ 15 സെന്റ് സ്ഥലമോ അല്ലെങ്കിൽ സൗജന്യമായി കെട്ടിടമോ ലഭിക്കുകയാണെങ്കിൽ എരുമലപ്പടിയിൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല

LIBRARY ARCHIVES Kerala Legislative Assembly